"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - പുതിയ ജില്ലാ ആസൂത്രണ സമിതികൾ (ഡി.പി.സി) രൂപീകരിക്കുന്നതുവരെ ഡി.പി.സിയുടെ ചുമതലകൾ നിറവേറ്റുന്നതിന് - അഡ്ഹോക്ക് കമ്മിറ്റികൾ രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.71/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 11/01/2021

---

പരാമർശം:- 1 1995-ലെ കേരള ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടങ്ങൾ.

2 21.11.2005 -ലെ സ.ഉ. (എം.എസ്) നം.343/2005/തസ്വഭവ

3 19.11.2010 -ലെ സ.ഉ.(എം.എസ്) നം. 268/2010/തസ്വഭവ

4 21.12.2015 -ലെ സ.ഉ.(സാധാ) നം.3820/2015/തസ്വഭവ

5 വികേന്ദ്രീകൃതാസൂത്രണ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ചെയർമാന്റെ 17.12.2020-ലെ 22/എസ്.ആർ.ജി./2020 നമ്പർ കുറിപ്പ്

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയം ഭരണ തെരഞ്ഞെടുപ്പ് പൂർത്തിയായി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണസമിതികൾ അധികാരത്തിൽ വന്നിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതികൾ പുതുതായി രൂപീകരിക്കുന്നതിന് ആയത് സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം തെരഞ്ഞെടുപ്പ് നടത്തുകയും സർക്കാർ നോമിനികളെ നിശ്ചയിക്കുകയും വേണം എന്നതിനാൽ ജില്ലാ ആസൂത്രണ സമിതികൾ (ഡി.പി.സി) രൂപീകരിക്കുന്നതിന് ഇനിയും സമയമെടുക്കും. ഇപ്രകാരമുള്ള സാഹചര്യത്തിൽ പുതിയ ജില്ലാ ആസൂത്രണ സമിതികൾ (ഡി.പി.സി) രൂപീകരിക്കുന്നതുവരെ ഡി.പി.സിയുടെ ചുമതലകൾ നിറവേറ്റുന്നതിന് പരാമർശം (2) മുതൽ (4) വരെയുള്ള ഉത്തരവുകൾ പ്രകാരം 2005-ലും 2010-ലും 2015-ലും അഡ്ഹോക്ക് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇതേ ഘടനയിൽ തന്നെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയായും ജില്ലാ പ്ലാനിംഗ് ഓഫീസർ മെമ്പർ ആയും അഡ്ഹോക്ക് കമ്മിറ്റികൾ ഇപ്പോഴും രൂപീകരിക്കണമെന്ന് വികേന്ദ്രീകൃതാസൂത്രണ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ചെയർമാൻ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ ആസൂത്രണ സമിതികളുടെ കാലാവധി കഴിഞ്ഞ് പുതിയ സമിതികൾ നിലവിൽ വരുന്നത് വരെ ഡി.പി.സിയുടെ ചുമതലകൾ നിറവേറ്റുന്നതിനായി എല്ലാ ജില്ലകളിലും ചുവടെയുള്ള ഘടനയിൽ അഡ്ഹോക്ക് കമ്മിറ്റികൾ രൂപീകരിച്ചു കൊണ്ടും പ്രസ്തുത അഡ്ഹോക്ക് കമ്മിറ്റിയുടെ തീരുമാനങ്ങൾ ഡി പി സിയുടെ സാധൂകരണത്തിന് വിധേയമാണെന്നു നിഷ്കർഷിച്ചുകൊണ്ടും ഉത്തരവാകുന്നു-

- ചെയർപേഴ്സൺ - പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്
- മെമ്പർ സെക്രട്ടറി - ജില്ലാ കളക്ടർ

- മെമ്പർ - ജില്ലാ പ്ലാനിംഗ് ഓഫീസർ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
എല്ലാ ജില്ലാ കലക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ മേയർമാർക്കും/സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പാലിറ്റി ചെയർപേർസൺമാർക്കും/സെക്രട്ടറിമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)/(എ & ഇ) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by REENAMMA P A
Date: 2021.01.11 14:58:31 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്